# എന്റെ 'ആദ്യകഥകൾ'

## ഇ. ഹരികുമാർ

പി.സി.മ്മാമന്റെ (ഉറൂബ്) വീട്ടിൽ പുസ്തകങ്ങളുടെ നല്ലൊരു ശേഖരമുണ്ടായിരുന്നു, എന്നുവച്ചാൽ ഒരു പതിനാലു പതിനഞ്ചു വയസ്സുകാരന് താല്പര്യമുണ്ടാവുന്ന തരത്തിലുള്ള കഥകളും നോവലുകളും. അച്ഛന്റെ അലമാറിയിൽ അധികവും കവിതാപുസ്തകങ്ങളാണുണ്ടായിരുന്നത്. ഞാനും സതീശേട്ടനും വേനലവധിയ്ക്ക് കോഴിക്കോട്ടു പോകുമ്പോൾ ആർത്തി പിടിച്ച വായനയാണ്. അവിടെവച്ചാണ് എസ്. കെ. പൊറ്റെക്കാടിന്റെ 'നാടൻപ്രേമം' എന്ന നോവൽ വായിച്ചത്. എനിയ്ക്കന്ന് പതിമൂന്ന് വയസ്സായിട്ടുണ്ടാവും. ആ നോവലെന്നെ വളരെ ആകർഷിച്ചു. തിരിച്ച് പൊന്നാനിയിൽ എത്തിയപ്പോഴും നോവലിലെ കഥ മനസ്സിൽ സജീവമായിട്ടുണ്ടായിരുന്നു.

ഞാൻ കടലാസ്സും പെന്നുമെടുത്ത് എഴുത്തു തുടങ്ങി. ഒരു മണിക്കൂറിനുള്ളിൽ കഥ തയ്യാറായി. ആദ്യവായനക്കാരൻ ഏട്ടനായിരുന്നു. മൂപ്പരത് മുഴുവൻ വായിച്ച ശേഷം പറഞ്ഞു. 'നീയിത് പൊറ്റെക്കാടിന്റെ നോവലിൽനിന്ന് കട്ടതല്ലെ?' ആ പ്രായത്തിൽ സാഹിത്യചോരണമെന്താണെന്ന് എനിയ്ക്കറിയില്ലായിരുന്നു. വായിച്ചപ്പോൾ ഇഷ്ടപ്പെട്ട ഒരു കഥ എന്റെ ഭാഷയിൽ എഴുതി എന്നു മാത്രം. അങ്ങിനെ ചെയ്യുന്നത് ശരിയല്ല എന്ന് എന്നേക്കാൾ ലോകവിവരവും ധാരാളം വായനയുമുള്ള ജ്യേഷ്ഠൻ പറഞ്ഞു തന്നു. അതിനു ശേഷം ഞാൻ സ്വന്തമായ കഥകളെഴുതാൻ തുടങ്ങി. ശരിയ്ക്കും എന്റെ ആദ്യത്തെ കഥ എന്നു പറയാൻ അർഹതയുള്ളത് ഈ രണ്ടാമത്തെ കഥയാണ്. ആയിരം രൂപ ലോട്ടറി അടിച്ചുവെന്ന് പറഞ്ഞ് ഒപ്പം കൂടിയ ഒരു സ്നേഹിതന്റെ കഥയാണത്. ഒരു ചായക്കടയിൽ കൊണ്ടുപോയി സുഭിക്ഷമായി ഭക്ഷണം കഴിച്ചശേഷം അയാൾ മുങ്ങുന്നതാണ് കഥ. ഇത് എഴുതിയത് അമ്പത്താറ്, അമ്പത്തേഴിൽ. കഥ അച്ഛനെ കാണിക്കാനുള്ള ധൈര്യമുണ്ടായി. അദ്ദേഹം പ്രോത്സാഹിപ്പിച്ചു, കഥകൾ തിരുത്തിത്തന്നു.

ഈ പതിവ് ഞാൻ കൽക്കത്തയിൽ ജോലി അന്വേഷിച്ചു പോയശേഷവും തുടർന്നു. കഥകളെഴുതും, അച്ഛന്ന് അയച്ചുകൊടുക്കും. അച്ഛനവ തിരുത്തി കഥ എങ്ങിനെ കൂടുതൽ നന്നാക്കാമെന്ന സൂചനകളോടൊപ്പം തിരിച്ചയക്കും. കൽക്കത്തയിൽ ഞാൻ താമസിച്ചിരുന്നത് പണ്ട് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ബംഗാളി സിനിമകളുടെ റിവ്യൂ എഴുതിയിരുന്ന ശ്രീ. എം. പ്രഭാകരപ്പണിക്കരുടെ ഒപ്പമായിരുന്നു. ശരിയ്ക്കു പറഞ്ഞാൽ എന്നെ കൽക്കത്തയിലേയ്ക്ക് കൊണ്ടുപോയി ജോലിയാക്കിത്തന്നത് അദ്ദേഹമായിരുന്നു. അവരുടെ അയൽക്കാരായി ഒരു ബ്രാഹ്മണകുടുംബമുണ്ടായിരുന്നു. ഒരു വൈകുന്നേരം ഞാൻ ഓഫീസിൽനിന്നു വന്നപ്പോൾ ആ മാമി വളരെ അസ്വസ്ഥയായി വാതിൽക്കൽ നിൽക്കുന്നുണ്ടായിരുന്നു. ഒരിരിക്കപ്പൊറുതിയില്ലാതെ അകത്തേയ്ക്കും പുറത്തേയ്ക്കും നടക്കുകയാണ്. സാധാരണ എന്നെ കണ്ടാൽ ലോഗ്യം ചോദിക്കാറുള്ളതാണ്. പക്ഷെ അന്ന് അതുണ്ടായില്ല. പ്രഭാകരേട്ടനാണ് അതു പറഞ്ഞത്. അവരുടെ ഇരുപത്തഞ്ചു വയസ്സുള്ള മകൻ ആ ദിവസം, രണ്ടുകൊല്ലം മുമ്പ് ഒരു ബസ്സ് അപകടത്തിൽ മരിച്ചുവത്രെ. ഒരേയൊരു മകൻ, മിടുക്കൻ.

അന്നെനിയ്ക്ക് പതിനെട്ട് വയസ്സായിരുന്നു. ഈ സംഭവം എന്റെ മനസ്സിൽ വളരെ വിഷമമുണ്ടാക്കി. അതിന്റെ പശ്ചാത്തലത്തിലാണ് 'മഴയുള്ള ഒരു രാത്രിയിൽ' എന്ന കഥയെഴുതിയത്. കുറേ പണിപ്പെട്ട് അതു നന്നാക്കിയെടുത്തു ഞാൻ അച്ഛന്നയച്ചു കൊടുത്തു. സാധാരണ മട്ടിൽ കുറേ നിർദ്ദേശങ്ങളുമായി അച്ഛനത് മടക്കിയയച്ചു. ഞാനത് മാറ്റിയെഴുതി വീണ്ടും അച്ഛന്നയച്ചു. അച്ഛനും, അമ്മയും എന്റെ സഹോദരങ്ങളും മാത്രമാണ് വായനക്കാർ. അതിനുമപ്പുറത്തേയ്ക്ക് കടക്കണമെന്ന ഉദ്ദേശ്യമൊന്നും എനിക്കുണ്ടായിരുന്നില്ല.

ആ കഥ തരക്കേടില്ല എന്ന് അച്ഛന് തോന്നിയിട്ടുണ്ടാകണം. അദ്ദേഹം അത് പി.സി.മ്മാമന് അയച്ചു കൊടുത്തു, അഭിപ്രായമറിയാൻ. അദ്ദേഹമാണല്ലൊ കഥയുടെ ആചാര്യൻ. പി.സി.മ്മാമയുടെ കത്ത് ഉടനെ വന്നു. 'ഹരിയെ ഗൗരവമായി എടുക്കേണ്ട സമയമായിരിയ്ക്കുന്നു. ഞാനീ കഥ വർഗ്ഗീസ് കളത്തിലിന് അയച്ചു കൊടുക്കുകയാണ്.' ശ്രീ. വർഗ്ഗീസ് കളത്തിലാണ് അന്ന് 'മലയാള മനോരമ' ആഴ്ചപ്പതിപ്പ് നോക്കിയിരുന്നത്. താമസിയാതെ അദ്ദേഹത്തിന്റെ കത്തു വന്നു, അച്ഛന്ന്. കഥ വളരെ നന്നായിട്ടുണ്ട്, ഇങ്ങിനെ ഒരു മകനെ ലഭിച്ചതിൽ ഇടശ്ശേരി ഭാഗ്യവാനാണ് എന്നൊക്കെ പറഞ്ഞുകൊണ്ട്. അച്ഛൻ പിസിമ്മാമന്റെയും വർഗ്ഗീസ് കളത്തിൽ സാറിന്റെയും കത്തുകൾ എനിക്കയച്ചുതന്നിരുന്നു. കഥ 'മലയാള മനോരമ' വാരികയിൽ വന്നു. 1962ലാണ് അത്. അതിനുശേഷം രണ്ടു കഥകൾ കൂടി മനോരമയിൽ വന്നതിനു ശേഷമാണ് എന്റെ കഥ 'മാതൃഭൂമി ആഴ്ചപ്പതിപ്പി'ൽ വരുന്നത്. ആദ്യം വന്ന കഥ, 'ഉണക്കമരങ്ങൾ'. എം.ടി. എന്നെ വളരെയധികം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ചെറിയ തിരുത്തുകൾ വരുത്തുകയും, അങ്ങിനെ തിരുത്തിയത് ശ്രദ്ധിക്കണമെന്ന് കത്തിലൂടെ ആവശ്യപ്പെടുകയും ചെയ്യാറുണ്ട്. ഈ കഥ അച്ചടിച്ചു വന്നത് 1965ലാണ്.

എം.ടി.യെ ഞാൻ ആദ്യമായി കാണുന്നത് 1966-ൽ അച്ഛന്റെ ഷഷ്ടിപൂർത്തിയോടനുബന്ധിച്ച് മൂന്നു ദിവസം നടന്ന സെമിനാറിന്റെ അവസരത്തിലായിരുന്നു. വളരെക്കുറച്ച് എഴുതിയാൽ മതിയെന്നും, എഴുതുന്നതെന്തും മൗലികവും മികവാർന്നതുമാവണമെന്നും അദ്ദേഹം പറഞ്ഞുതന്നു.

'കലാകൗമുദി' വാരിക തുടങ്ങിയപ്പോൾ ആദ്യലക്കത്തിൽത്തന്നെ എന്റെ കഥ വേണമെന്ന് ശ്രീ എം.എസ്. മണിയും, എസ്. ജയചന്ദ്രൻ നായരും ആവശ്യപ്പെട്ടു. 1975 ജൂലൈ മാസത്തിലാണ് എന്റെ 'കുങ്കുമം വിതറിയ വഴികൾ' എന്ന കഥ വന്നത്. കലാകൗമുദിയുടെ തുടക്കത്തിൽത്തന്നെ. ആ കഥയെപ്പറ്റി ശ്രീ. എം.എസ്. മണി വളരെ നല്ല അഭിപ്രായം എഴുതിയറിയിച്ചു. ഇത്രയും മനോഹരമായ കഥയോട് നീതി പുലർത്താൻ സാധാരണ സ്കെച്ചുകൾ പോരെന്നും, പകരം ഖജുരാഹോവിലെ കലാമൂല്യമുള്ള ശില്പങ്ങളുടെ ചിത്രങ്ങൾ കൊടുക്കുകയാണെന്നും അദ്ദേഹം അറിയിച്ചു.

ഇതൊക്കെയാണ് എന്റെ എടുത്തു പറയത്തക്ക 'ആദ്യകഥകൾ'.

ഇ. ഹരികുമാർ/01.09.2010 (കേരളകൗമുദിയ്ക്കു വേണ്ടി).